പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5303      05-07-2012-ൽ മറുപടിയ്ക്ക്

## കായിക നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.പി.സി.വിഷ്ണു നാഥ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് സ്നേഹികളായ പുതിയ തലമുറയെ സൃഷ്ടിക്കുന്നതിനും അവരെ കായിക രംഗത്ത് നിലനിർത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; | (എ) പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായികക്ഷമതയുള്ളവരാക്കുന്നതും സ്കൂളുകളെ ഒരു കായിക കേന്ദ്രം (സ്പോർട്ടിംഗ് ഹബ്) ആക്കുന്നതും ലക്ഷ്യമാക്കി **'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ'** എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം ഒന്നാം തരം മുതൽ 7-ാം തരം വരെയുള്ള എല്ലാ സ്കൂൾ കുട്ടികളേയും സ്വന്തം സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പ്രത്യേകമായി അനുവദിക്കപ്പെടുന്ന സമയത്ത് അവരവരുടെ ഇഷ്ടാനുസരണമുള്ള ഏതെങ്കിലും കായിക ഇനം തെരഞ്ഞെടുക്കുവാനും ആയതിൽ ഏർപ്പെടുവാനുമുള്ള അവസരം ലഭ്യമാക്കുന്നു. ഇത് കുട്ടികളിൽ കായികാഭിരുചി വളർത്തുവാൻ സഹായകമാകുന്നു. ഇത്തരത്തിൽ വിനോദങ്ങളിലേർപ്പെടുന്ന 7-ാം തരത്തിനു ശേഷമുള്ള കുട്ടികളിൽ നിന്നും കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും തുടർന്ന് അവരുടെ അഭിരുചിക്കനുസൃതമായി ശാസ്ത്രീയമായ പരിശീലനം നൽകുകയും |

ചെയ്യുന്നതാണ്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്നതുവരെ യാതൊരു തരത്തിലുള്ള ചട്ടങ്ങളോ റൂളുകളോ കുട്ടികളിൽ അടിച്ചേൽപ്പിക്കപ്പെടുന്നില്ല എന്നതിനാൽ അവർക്ക് സ്വതന്ത്രമായി, അഭിരുചിക്കനുസരിച്ച് കളികളിൽ ഏർപ്പെടുവാൻ സാധിക്കുന്നു. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 14 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിനായി പുതിയ കായിക നയത്തിന് രൂപം നൽകുമോ ; | (ബി) & (സി) | സർക്കാരിന്റെ പുതിയ കായിക നയത്തെ സംബന്ധിച്ച് കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട കായിക നയത്തിനെ സംബന്ധിച്ച നയരൂപീകരണ ചർച്ചകൾ നടന്നു വരുന്നു. പുതിയ കായിക നയം പ്രാബല്യത്തിൽ വരുന്നമുറയ്ക്ക് പുതിയ കായിക തലമുറയെ സൃഷ്ടിക്കുന്നതിനും അവരെ കായിക രംഗത്ത് നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. |
| (സി) | ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ? | | |

സെക്ഷൻ ഓഫീസർ